# പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.549 30.06.2016 ന് മറുപടിയ്ക്ക്.

## കാട്ടാന ശല്യം കാരണം കർഷകർക്കുണ്ടായ നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് നിയോജക മണ്ഡലത്തിൽ കാട്ടാനകളുടെ ശല്യം കാരണം കഴിഞ്ഞ അഞ്ചുവർഷം കർഷകർക്കുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) കാസർഗോഡ് ഡിവിഷൻ നിലവിൽ വന്ന 07.06.2012 മുതൽ കാട്ടാനശല്യം മൂലം കൃഷിനാശം സംഭവിച്ചതിന് 131 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയിൽ ഏകദേശം 20 ലക്ഷത്തോളം രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കുന്നു. |
| (ബി) കർഷകർക്ക് നഷ്ടപരിഹാരമായി എന്തു തുക നൽകിയെന്നും ഇനിയും നൽകാനുള്ള തുക എത്രയെന്നും പ്രസ്തുത തുക എന്ന് നൽകുമെന്നും വ്യക്തമാക്കുമോ; | (ബി) 116 അപേക്ഷകർക്ക് 18,16,558/- രൂപ (പതിനെട്ട് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ്റി അൻപത്തിയെട്ട് രൂപ) നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 15 അപേക്ഷകർക്കായി 1,83,442/- രൂപ (ഒരു ലക്ഷത്തി എൺപത്തിമൂവ്വായിരത്തി നാനൂറ്റി നാല്പത്തി രണ്ട് രൂപ) ഇനി നൽകാനുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതാണ്. |
| (സി) കാട്ടാനകളുടെ ശല്യം നിയന്ത്രിക്കാൻ എന്തു നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) കാസർഗോഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 49.50 കി.മീറ്റർ സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കയ്യാല, കിടങ്ങ് എന്നിവയും നിർമ്മിച്ചിട്ടുണ്ട്. ജില്ലയിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിച്ചു വരുന്നുണ്ട്. 5 കി.മീറ്റർ ദൂരം 6.8 കോടി രൂപ ചെലവിൽ ആന പ്രതിരോധ മതിൽ നിർമ്മിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.